**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **12-10-2021 - ൽ മറുപടിയ്ക്ക്**

**ശമ്പളം നിർണ്ണയിച്ചതിലെ അപാകത**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ കേരളാ ബാങ്കിൽ ലയിപ്പിക്കുന്നതിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിശ്ചയിച്ചതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജീവനക്കാർക്ക് അനധികൃതമായി സ്ഥാനകയറ്റങ്ങളും ശമ്പളാനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കേരളാ ബാങ്കിൽ ലയിപ്പിച്ച 13 മുൻ ജില്ലാ സഹകരണ ബാങ്കുകളിലും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ സ്പെഷ്യൽ റൂളിന് വിരുദ്ധമായി പലയിടത്തും നിയമനം നടത്തിയതായും റേഷ്യോ പാലിക്കാതെ അനധികൃതമായി സ്ഥാനക്കയറ്റങ്ങളും ശമ്പളാനുകൂല്യങ്ങളും നൽകിയതായും കാണാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നൽകിയ ആനുകൂല്യങ്ങളും സ്ഥാനക്കയറ്റങ്ങളും 31.03.2022 ന് മുൻപായി ക്രമീകരിക്കുന്നതിനും നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുന്നതിനും സംസ്ഥാന സഹകരണ ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാന സഹകരണ ബാങ്കിലെ സഹകരണ വകുപ്പ് ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അധികമായി നൽകിയ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതിനും അനധികൃതമായി നൽകിയ സ്ഥാനകയറ്റം പിൻവലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കേരളാ ബാങ്കിൽ ലയിപ്പിച്ച 13 മുൻ ജില്ലാ സഹകരണ ബാങ്കുകളിലും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ സ്പെഷ്യൽ റൂളിന് വിരുദ്ധമായി പലയിടത്തും നിയമനം നടത്തിയതായും റേഷ്യോ പാലിക്കാതെ |

| | | | |
|---|---|---|---|
| | | | അനധികൃതമായി സ്ഥാനക്കയറ്റങ്ങളും ശമ്പളാനുകൂല്യങ്ങളും നൽകിയതായും കാണാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നൽകിയ ആനുകൂല്യങ്ങളും സ്ഥാനക്കയറ്റങ്ങളും 31.03.2022 ന് മുൻപായി ക്രമീകരിക്കുന്നതിനും നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുന്നതിനും സംസ്ഥാന സഹകരണ ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാന സഹകരണ ബാങ്കിലെ സഹകരണ വകുപ്പ് ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ